(ബി) തുക പിരിച്ചെടുക്കുന്നതിൽ തൊഴിൽ വകുപ്പിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) തുക പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് നിർമ്മാണ മേഖലയിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക സംബന്ധിച്ച വിവരം ശേഖരിച്ചു വരികയാണ്. 13-2-2008-ലെ ലേബർ കമ്മീഷണറുടെ പി (2) 22807/2004 നമ്പരായുള്ള കത്ത് പ്രകാരം ഫ്ളോറിംഗിന്റെ അടിസ്ഥാനത്തിലുള്ള നികുതി പിരിവിന്റെ താരിഫ് ചുവടെ ചേർക്കുന്നു,

മൊസൈക്ക് - Rs. 4950

ടൈൽസ് - Rs. 5830

മാർബിൾ - Rs. 6930

ഗ്രാനൈറ്റ് - Rs. 8800

(ബി) ഇല്ല.

(സി) സെസ്സ് പിരിവ് കാര്യക്ഷമമാക്കുന്നതിന് ഒരു തീവ്രയത്ന പരിപാടിയ്ക്ക് തൊഴിൽ വകുപ്പിൽ രൂപം കൊടുക്കുകയും അതിൻപ്രകാരം നടപടി നടന്നു വരികയുമാണ്.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

51 (5456) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് സ്വകാര്യ കെട്ടിട നിർമ്മാതാക്കളിൽനിന്ന് പിരിഞ്ഞുകിട്ടേണ്ടതായ തുക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാറുണ്ട് ;

(ബി) എന്തു തുക ഇങ്ങനെ പിരിഞ്ഞുകിട്ടാനുണ്ട് ;

(സി) നിർമ്മാണം പൂർത്തിയാകുന്ന കെട്ടിടങ്ങളുടെ കണക്കെടുത്ത് പിരിച്ചെടുക്കേണ്ട തുക സംബന്ധിച്ച തീരുമാനമെടുക്കുന്നതിനും അവ യഥാസമയം പിരിച്ചെടുക്കുന്നതിനും ഉത്തരവാദപ്പെട്ടവർ ആരാണ് ;

(ഡി) ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാവാതെ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക തുകയുടെ വിവരങ്ങൾ ശേഖരിച്ച് അവയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ റിക്കവറി അവലോകന യോഗങ്ങൾ നടത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് കെട്ടിട നിർമ്മാതാക്കളിൽ നിന്നും സമയബന്ധിതമായി സെസ് തുക ശേഖരിക്കുക, ത്രൈമാസ അവലോകന യോഗം നടത്തി സെസ്സ് തുക ശേഖരണത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പിരിഞ്ഞു കിട്ടാനുള്ള തുകയുടെ വിവരം ശേഖരിച്ചു വരുന്നു.

(സി) തൊഴിൽ വകുപ്പിലെ ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ഡെപ്യൂട്ടി ലേബർ ഓഫീസർമാരുമാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് പിരിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ.

(ഡി) സെസ്സ് പിരിവ് കാര്യക്ഷമമാക്കുന്നതിന് ഒരു തീവ്രയത്ന പരിപാടിയ്ക്ക് തൊഴിൽ വകുപ്പിൽ രൂപം കൊടുക്കുകയും അതിൻപ്രകാരം നടപടി നടന്നു വരികയുമാണ്.

തയ്യൽ തൊഴിലാളി ക്ഷേമ നിധി

52 (5457) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ തൊഴിലാളികളുടെ ക്ഷേമ പദ്ധതിയിൽ നിന്ന് എന്തെല്ലാം സഹായമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത് എന്ന വിവരം ലഭ്യമാക്കുമോ ;

(ബി) പെൻഷൻ ഉൾപ്പെടെ തയ്യൽ തൊഴിലാളികളുടെ ആനുകൂല്യങ്ങളുടെ കാര്യത്തിൽ വർദ്ധനവു വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തയ്യൽ തൊഴിലാളിക്ഷേമ പദ്ധതി പ്രകാരം പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യം, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, കുട്ടികൾക്കു നൽകുന്ന സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, ആശ്രിതർക്കു നൽകുന്ന മരണാനന്തരാനുകൂല്യം, മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1-4-2008 മുതൽ പെൻഷനും 1-10-2008 മുതൽ മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. ആനുകൂല്യങ്ങൾ ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം സാമ്പത്തികനില കണക്കിലെടുത്തു മാത്രമേ പരിഗണിക്കാൻ കഴിയൂ.